ബാലുശ്ശേരി ടൂറിസം കോറിഡോർ

375 (1065) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി അസംബ്ലി മണ്ഡലത്തിലെ ചരിത്ര സ്മാരകങ്ങൾ, ആരാധനാലയങ്ങൾ, പ്രകൃതിരമണീയ കേന്ദ്രങ്ങൾ, വനം വന്യജീവി ആവാസ കേന്ദ്രങ്ങൾ, ജല വൈദ്യുത പദ്ധതി പ്രദേശങ്ങൾ, സാഹസിക യാത്രാ മാർഗ്ഗങ്ങൾ, ജലാശയങ്ങൾ എന്നിവ ബന്ധിപ്പിച്ച് തയ്യാറാക്കപ്പെട്ട ബാലുശ്ശേരി ടൂറിസം കോറിഡോർ പദ്ധതിയുടെ മാസ്റ്റർ പ്ലാൻ സർക്കാരിന്റെ പരിഗണനയ്ക്ക് സമർപ്പിക്കപ്പെട്ടിട്ടുണ്ടോ;

(ബി) പദ്ധതി നിർവ്വഹണത്തിന് സർക്കാർ നിക്ഷേപിക്കേണ്ട തുകയേക്കാൾ അധികം വിലയുള്ള സ്വകാര്യഭൂമി ഈ പദ്ധതിവഴി സർക്കാരിന് ലഭിക്കുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പരിശോധിക്കുന്നതാണ്.

കാസർഗോഡ് ജില്ലയിലെ ടൂറിസം വികസന പദ്ധതികൾ

376 (1066) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ടൂറിസം വകുപ്പിന്റെ കീഴിൽ കാസർഗോഡ് ജില്ലയിൽ നടപ്പിലാക്കിയ പദ്ധതികൾ എന്തൊക്കെയാണെന്നും പ്രസ്തുത പദ്ധതികൾക്കായി അനുവദിച്ച തുക എത്രയാണെന്നും നിയോജക മണ്ഡലത്തിന്റെ അടിസ്ഥാനത്തിൽ ഇനം തിരിച്ച് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ജില്ലയിൽ പുതിയ പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശമുണ്ടോ ; എങ്കിൽ തരം തിരിച്ചുള്ള വിശദാംശം നൽകുമോ?

ഉത്തരം

(എ) അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ബി) പരിശോധിക്കുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly